**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **05-07-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി ദ്വാരക പോളിടെക്‌നിക് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി ദ്വാരക സർക്കാർ പോളിടെക്‌നിക് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി അനുവദിച്ച തുക വിനിയോഗിച്ചുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | **മാനന്തവാടി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണത്തിനായി 8.22 കോടി രൂപ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് കെട്ടിടത്തിൻെറ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. മേസനറി & പ്ലാസ്റ്ററിംഗ് വർക്ക് നടന്നു കൊണ്ടിരിക്കുന്നു.** |
| (ബി) | നിലവിൽ എത്ര രൂപ വാടകയ്ക്കാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | മാനന്തവാടി ഗവൺമെൻറ് പോളിടെക്നിക്കിൻെറ പ്രവർത്തനത്തിനായി പ്രതിമാസ വാടക തുകയിനത്തിൽ 1,46,372/-രൂപ നിശ്ചയിച്ച സർക്കാർ സ.ഉ(സാധാ) 1577/2020/ഉ.വി.വ. തീയതി 8.12.2020 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാങ്കേതിക വിദ്യാഭ്യാസം - മാനന്തവാടി ഗവൺമെന്റ് പോളിടെക്നിക്ക് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

**സ.ഉ.(സാധാ) നം.1577/2020/ഉ.വി.വ** തീയതി, തിരുവനന്തപുരം, 18/12/2020

പരാമർശം:- 14.6.2019, 27.2.2020, 22.10.2020 എന്നീ തീയതികളിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ D4/28483/18/DTEനം കത്തുകൾ.

<u>ഉത്തരവ്</u>

2016-17അദ്ധ്യയന വർഷം സ്ഥാപിതമായ മാനന്തവാടി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പനമരം ഗ്രാമ പഞ്ചായത്തിലെ പിപി 12/1038 A മുതൽ W വരെ നമ്പറുള്ള, ശ്രീമതി ജമീലയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 1,46,372 രൂപ വാടക 2203-00-105-99-06 Rent, Rates & Taxes എന്ന ശീർഷകത്തിൽ അനുവദിച്ചുതരണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . അതിന്റെ അടിസ്ഥാനത്തിൽ മാനന്തവാടി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പനമരം ഗ്രാമ പഞ്ചായത്തിലെ പിപി 12/1038 A മുതൽ W വരെ നമ്പറുള്ള ശ്രീമതി ജമീലയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടക 01.03.2018 മുതൽ പ്രതിമാസം 1,46,372/-രൂപയായി നിശ്ചയിച്ചുകൊണ്ട് ഇതിനാൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീദേവി ഇ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എൻജിനീയർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ, ഗവ. പോളിടെക്നിക്ക് കോളജ്, മാനന്തവാടി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, കോട്ടയം.
പൊതുമരാമത്തു വകുപ്പ് (17/11/2020 തീയതിയിലെ ഇ2/187/2019/ പൊ.മ.നം അനൗദ്യോഗിക കുറിപ്പ് പ്രകാരം)
www.highereducation.kerela.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ